ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 12.06.2025** **TIME : 12.50 PM**

## പ്രധാന

1. **സ്വയംപര്യാപ്ത ഇന്ത്യയെന്ന ആശയം യാഥാർഥ്യമാക്കുന്നതിൽ രാജ്യത്തെ യുവജനങ്ങൾ വഹിക്കുന്ന പങ്ക് നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

   Prime Minister Narendra Modi has lauded India’s young innovators for their pivotal role in advancing technology and driving the nation’s self-reliance

2. **കർഷക ക്ഷേമം ഉറപ്പാക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഒരുമിച്ച് പ്രവർത്തിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. വികസിത് കൃഷി സങ്കൽപ്പ് അഭിയാന് ഇന്ന് സമാപനം.**

   Union Agriculture Minister Shivraj Singh Chouhan said that the Union and State governments to be work together to ensure farmer's welfare across the country; Viksit Krishi Sankalp Abhiyan concludes today.

3. **ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം**

**യോഗ പരിപാടികൾ സംഘടിപ്പിക്കാൻ ഒരുങ്ങി ആയുഷ് മന്ത്രാലയം.**

On International Day of Yoga on the 21st of this month, more than one lakh yoga events based on common yoga protocol will be conducted simultaneously from 6:30 to 7:40 in the morning.

4. **സംസ്ഥാനത്തെ ഹൈസ്കൂൾ സമയ മാറ്റത്തിൽ മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തുമെന്നും പരാതി ഉന്നയിച്ചവരുമായി സംസാരിക്കാൻ തയ്യാറാണെന്നും മന്ത്രി വി.ശിവൻകുട്ടി.**

Kerala Education Minister V. Sivankutty will hold discussion with the Chief Minister regarding the change in school timings in the state. The Minister also expressed willingness to talk to those who raised complaints.

5. **ഐ.സി.സി ലോക ടെസ്റ്റ് ക്രിക്കറ്റ് ഫൈനലിലെ, ഓസ്ട്രേലിയ ദക്ഷിണാഫ്രിക്ക മത്സരം ഉച്ചതിരിഞ്ഞ് പുനരാരംഭിക്കും.**

ICC World Test Championship Final between Australia and South Africa will resume this afternoon.

**&&&&&&&&&&&&&&&&&**

**HEADLINE-1**

**PM - TECHNOLOGY**

സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിലും സ്വയംപര്യാപ്ത ഇന്ത്യയെന്ന ആശയം യാഥാർഥ്യമാക്കുന്നതിലും രാജ്യത്തെ യുവജനങ്ങൾ വഹിക്കുന്ന പങ്ക് നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 11 വർഷത്തിൽ, നവീനാശയങ്ങൾ പ്രയോജനപ്പെടുത്താൻ യുവാക്കളെ പ്രാപ്തരാക്കുന്നതിനൊപ്പം ആഗോള സാങ്കേതിക ശക്തികേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്താനും ഡിജിറ്റൽ ഇന്ത്യ സംരംഭത്തിന് സാധിച്ചു. ഇന്ത്യയിൽ, സുതാര്യതയോടെയുള്ള സേവന വിതരണം ഉറപ്പാക്കാനും അതിദരിദ്രരുടെ ജീവിതം മെച്ചപ്പെടുത്താനുമുള്ള മാർഗമായി സാങ്കേതികവിദ്യ മാറിയതായും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനൊപ്പം, സുതാര്യത ഉറപ്പുവരുത്തുന്നതിനും സാങ്കേതികവിദ്യയിലൂടെ കഴിഞ്ഞു. ഇന്റർനെറ്റ് ലഭ്യത വിദൂരഗ്രാമങ്ങളിൽപ്പോലും ഉറപ്പുവരുത്തിയതിലൂടെ ആഗോള നിലവാരത്തിലുള്ള പരിഷ്കരണം സാധ്യമായതായും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

**PM - RAILWAY PROJECTS**

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച രണ്ട് പുതിയ റെയിൽവേ പദ്ധതികൾ രാജ്യത്തെ ഗതാഗത, വാണിജ്യ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുമെന്നും സുസ്ഥിരത വർദ്ധിപ്പിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതിയാണ് ഇന്ത്യൻ റെയിൽവേ ശൃംഖലയിൽ 6,405 കോടി രൂപയുടെ നിക്ഷേപം ഉൾക്കൊള്ളുന്ന രണ്ട് മൾട്ടി-ട്രാക്കിംഗ് പദ്ധതികൾക്ക് അംഗീകാരം നൽകിയത്. ജാർഖണ്ഡിൽ 133 കിലോമീറ്റർ റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ടതാണ്

ആദ്യ പദ്ധതി. കർണാടകയിലെ ബല്ലാരി, ചിത്രദുർഗ ജില്ലകളിലൂടെയും ആന്ധ്രാപ്രദേശിലെ അനന്തപൂർ ജില്ലയിലൂടെയും കടന്നുപോകുന്ന 185 കിലോമീറ്റർ ബല്ലാരി-ചിക് ജാജൂർ റെയിൽവേ പാത ഇരട്ടിപ്പിക്കലാണ് രണ്ടാമത്തെ പദ്ധതി. ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ശൃംഖലയിൽ ഇവ 318 കിലോമീറ്ററിന്റെ വർധന വരുത്തും.

**&&&&&&&&&&&&&&&&&**

## HEADLINE-2

**GUJRAT - VIKSIT SANKALP**

***രാജ്യത്തെ കർഷകരുടെ ക്ഷേമം ഉറപ്പാക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഒരുമിച്ച് പ്രവർത്തിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. രാജ്യവ്യാപകമായി നടക്കുന്ന വികസിത് കൃഷി സങ്കൽപ്പ് അഭിയാന്റെ സമാപനത്തോടനുബന്ധിച്ച് ഗുജറാത്തിൽ സംഘടിപ്പിച്ച കർഷക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ക്യാമ്പയിന്റെ ഭാഗമായി കർഷകരും ഗവേഷകരും തമ്മിൽ നടന്നു വരുന്ന ആശയവിനിമയ പരിപാടികൾ കാർഷിക മേഖലയ്ക്ക് ഏറെ പ്രയോജനം ചെയ്യുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.***

***( വോയിസ്...).***

***കാർഷിക മേഖലയെ സ്വയംപര്യാപ്തമാക്കാൻ ലക്ഷ്യമിട്ട് മെയ് 29 നാണ് രാജ്യത്ത് വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ ആരംഭിച്ചത്. സംസ്ഥാനത്തും ഇതിന്റെ ഭാഗമായി നടന്നുവരുന്ന കർഷകസമ്പർക്ക പരിപാടികൾ ഇന്ന് പൂർത്തിയാകും.***

**&&&&&&&&&&&&&&&&&**

**HEADLINE-3**

**YOGA -EARLY (INTRO)**

***ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ സംഘടിപ്പിക്കുമെന്ന് കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ് റാവു ജാദവ്. 21-ന് രാവിലെ 6:30 മുതൽ 7:40 വരെ ഒരേസമയത്തായിരിക്കും പരിപാടികൾ നടക്കുക. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് സംഘടിപ്പിക്കുന്ന പ്രധാന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ട, കർത്തവ്യപഥ്, ലോധി ഗാർഡൻ തുടങ്ങി 111 പ്രധാന കേന്ദ്രങ്ങളിലും പരിപാടികൾ സംഘടിപ്പിക്കും. യോഗ ദിനാചരണത്തിൽ പങ്കെടുത്ത് പരിപാടിയുടെ വിജയം ഉറപ്പാക്കണമെന്ന് കേന്ദ്രമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.***

***( വോയിസ്....)***

**&&&&&&&&&&&&&&&&&**

**IRCTC-TATKAL**

IRCTC വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെയുള്ള തത്കാൽ ടിക്കറ്റ് ബുക്കിങ്ങിന് അടുത്ത മാസം ഒന്ന് മുതൽ ആധാർ സ്ഥിരീകരണം നിർബന്ധമാക്കി. അടുത്ത മാസം 15 മുതൽ എല്ലാ തത്കാൽ ഓൺലൈൻ
ബുക്കിംഗും OTP അധിഷ്ഠിതമായിരിക്കുമെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു. എസി, നോൺ എസി

ക്ലാസുകളിലേക്ക് ഏജന്റ് വഴി ആദ്യ 30 മിനിറ്റിൽ ഇനി ടിക്കറ്റുകൾ ബുക്ക് ചെയ്യാനുമാവില്ല.

&&&&&&&&&&&&&&&&&

**COVID**

രാജ്യത്ത് നിലവിൽ 7,154 പേർ കോവിഡ് ചികിത്സയിൽ കഴിയുന്നതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. ഏറ്റവും കൂടുതൽ കോവിഡ് ബാധിതരുള്ള കേരളത്തിൽ 2,165 പേരാണ് ചികിത്സയിലുള്ളത്. സംസ്ഥാനത്ത് ഇന്നലെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണത്തിൽ മുൻ ദിവസത്തേക്കാൾ കുറവ് വന്നിട്ടുണ്ട്. വ്യാപനശേഷി കൂടുതലുള്ള ഒമിക്രോൺ ജെഎൻ 1 വകഭേദങ്ങളായ എൽഎഫ് 7, എക്സ്.എഫ്.ജി തുടങ്ങിയവയാണ് സംസ്ഥാനത്ത് കൂടുതലായി റിപ്പോർട്ട് ചെയ്യുന്നതെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**SHIP**

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട സിംഗപ്പൂർ കപ്പലിലെ തീ പൂർണമായും കെടുത്തുന്നതിനുള്ള തുടരുന്നു. തീ ഇന്നലെ തന്നെ ഭാഗികമായി നിയന്ത്രണവിധേയമാക്കിയിരുന്നു. ഡ്രൈ കെമിക്കൽ എക്സ്റ്റിംഗുഷറുകൾ വിതറി തീ

കെടുത്താനുള്ള ശ്രമം തുടരുകയാണ്. തീര രക്ഷാസേനയുടെ കപ്പലുകളും, ഹെലികോപ്റ്ററുകളും രക്ഷാദൗത്യത്തിൽ പങ്കെടുക്കുന്നു.

&&&&&&&&&&&&&&&&&

## HEADLINE-4

### SCHOOL TIME IN KERALA

സംസ്ഥാനത്തെ ഹൈസ്കൂൾ സമയമാറ്റത്തിൽ വ്യക്തത വരുത്തി പൊതു വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. കോടതി നിർദ്ദേശാനുസരണം വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് ഹൈസ്കൂളുകളിൽ 15 മിനിറ്റ് വീതം രാവിലെയും വൈകിട്ടും അധികസമയം ക്രമീകരിച്ചത്. സമയക്രമം മാറ്റിയ വിഷയത്തിൽ മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തുമെന്നും പരാതി ഉന്നയിച്ചവരുമായി സംസാരിക്കാൻ തയ്യാറാണെന്നും
മന്ത്രി പറഞ്ഞു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

### PIYUSH GOYAL- SWEDEN

രണ്ട് വൈവിധ്യമാർന്ന സമ്പദ്‌വ്യവസ്ഥകൾക്ക് പരസ്പര സഹകരണത്തിലൂടെ മുന്നേറാൻ കഴിയുമെന്നതിന്റെ ഉത്തമ മാതൃകയാണ് ഇന്ത്യ - സ്വീഡൻ പങ്കാളിത്തമെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ. സ്വീഡനിൽ നടന്ന ഇന്ത്യ-സ്വീഡൻ ഉന്നതതല വ്യാപാര നിക്ഷേപ നയരൂപീകരണ ഫോറത്തിന്റെ ഭാഗമായി വ്യവസായ പ്രതിനിധികളുമായി സംവദിക്കുകയായിരുന്നു

അദ്ദേഹം. ഇരുരാജ്യങ്ങളും തമ്മിലുള്ള പരസ്പര സഹകരണത്തിന്റെ വിശാല സാധ്യതകളും അദ്ദേഹം വിശദീകരിച്ചു.

**&&&&&&&&&&&&&&&&&**

## FM-DBT & TRANSACTIONS

നേരിട്ടുള്ള ആനുകൂല്യ വിതരണത്തിൽ രാജ്യത്ത് കഴിഞ്ഞ പത്ത് വർഷങ്ങളിൽ 90 ഇരട്ടി വർധനയുണ്ടായതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഡിബിടി 6.83 ലക്ഷം കോടിയായി ഉയർന്നു. 2014 ൽ ഇത് 7,000 കോടിയായിരുന്നുവെന്നും ധനമന്ത്രി സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. നേരിട്ടുള്ള ആനുകൂല്യ വിതരണത്തിൽ ഏകദേശം 18,600 കോടി രൂപയുടെ ഇടപാടാണ് പ്രതിവർഷം നടക്കുന്നതെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.

**&&&&&&&&&&&&&&&&&**

## FINANCE MINISTRY- UPI

യു.പി.ഐ ഇടപാടുകൾക്ക് മർച്ചന്റ് ഡിസ്കൗണ്ട് നിരക്ക് ഈടാക്കുമെന്ന വാർത്ത അടിസ്ഥാനരഹിതവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് കേന്ദ്ര ധനമന്ത്രാലയം . യു.പി.ഐ വഴിയുള്ള ഡിജിറ്റൽ പേയ്മെന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിൽ സർക്കാർ പൂർണമായും പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രാലയം വ്യക്തമാക്കി.

**&&&&&&&&&&&&&&&&&**

## EXERCISE - SHAKTI 2025

ഇന്ത്യ - ഫ്രാൻസ് സംയുക്ത സൈനികാഭ്യാസമായ എക്സർസൈസ് ശക്തി-2025 ന്റെ എട്ടാമത് പതിപ്പ് ഈ മാസം 18 മുതൽ ജൂലൈ 1 വരെ ഫ്രാൻസിലെ ലാ കവലറിയിൽ നടക്കും. സംയുക്ത സൈനിക ശേഷി മെച്ചപ്പെടുത്തുകയാണ് സൈനികാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്.

**&&&&&&&&&&&&&&&&&**

## HEADLINE-5

### CRICKET

ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന ഐ.സി.സി ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ, ഒന്നാം ദിവസമായ ഇന്നലെ കളി അവസാനിക്കുമ്പോൾ, ഓസ്ട്രേലിയയ്ക്കെതിരെ ദക്ഷിണാഫ്രിക്ക 4 വിക്കറ്റിന് 43 എന്ന നിലയിൽ. ദക്ഷിണാഫ്രിക്കയുടെ ഒന്നാം ഇന്നിങ്സ് ബാറ്റിങ്ങ് ഇന്ന് ഉച്ചതിരിഞ്ഞ് പുനരാരംഭിക്കും. ആദ്യ ഇന്നിങ്സിൽ നിലവിലെ ചാമ്പ്യന്മാരായ ഓസ്ട്രേലിയ 212 റൺസിന് പുറത്തായിരുന്നു.

**&&&&&&&&&&&&&&&&&**

### RAIN

സംസ്ഥാനത്തു ഇന്ന് മഴയ്ക്ക് നേരിയ ശമനം. ഇടുക്കിയിൽ ഹൈറേഞ്ചിൽ ഉൾപ്പെടെ മിക്കയിടങ്ങളിലും ഇന്നലെ രാത്രി മുതൽ നേരിയ മഴയാണ് ലഭിച്ചത്. മഞ്ഞ അലർട്ട് നിലനിൽക്കുന്ന കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ രാവിലെ വരെ മഴയുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ പൊതുവെ തെളിഞ്ഞ കാലാവസ്ഥയാണ്.

കണ്ണൂർ ,കൊല്ലം ജില്ലകളിലും ഇന്ന് മഴയ്ക്ക് ശമനമുണ്ട്. മഴ മുന്നറിയിപ്പുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

**Los Angeles protests**

അനധികൃത കുടിയേറ്റക്കാരെ കണ്ടെത്താൻ ട്രംപ് ഭരണകൂടം നടത്തിയ റെയ്ഡുകൾക്കെതിരെയുള്ള പ്രതിഷേധത്തിൽ ലോസ് ആഞ്ചലസിൽ ഇതുവരെ 380 പേർ അറസ്റ്റിലായി. സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് കൂടുതൽ പ്രതിഷേധക്കാരെ തിരിച്ചറിയാൻ ശ്രമിക്കുകയാണെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&